**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **22-02-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിരന്തരമായി ഉണ്ടായ വെള്ളപ്പൊക്ക കെടുതികളും ഒപ്പം കൊറോണ രോഗബാധയും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധന വിലയേയും ലഭ്യതയേയും എത്തരത്തിൽ ബാധിച്ച എന്നും ഇതുമൂലമുണ്ടായ വിലവർദ്ധനയും ദൗർലഭ്യവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | (എ) | നിരന്തരം ഉയരുന്ന ഇന്ധന വില, അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ്, കൊറോണ രോഗവ്യാപനം തടയുന്നതിനായി രാജ്യവ്യാപകമായി ഇടയ്ക്കിടെ ഏർപ്പെടുത്തിയ ലോക്ഡൗണുകൾ മറ്റ നിയന്ത്രണങ്ങൾ എന്നിവ മൂലം ചില സന്ദർഭങ്ങളിൽ സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില വർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ കാര്യത്തിൽ കേരളം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. എന്നിരുന്നാലും, കോവിഡ് ലോക് ഡൗൺ കാലത്ത് സപ്ലൈകോയുടെ മുഴുവൻ വിൽപ്പനശാലകളും ഡിപ്പോ ഗോഡൗണുകളും അധിക സമയം പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സൗജന്യ കിറ്റുകൾ ഉൾപ്പെടെ ആവശ്യ സാധനങ്ങൾ ലഭ്യമാക്കി വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചു നിറുത്തുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി, സംസ്ഥാനത്തുടനീളമുള്ള റേഷൻകടകളിലൂടെ 10,99,20,553/- സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ |

| | | | |
|---|---|---|---|
| | | | അന്തേവാസികൾക്കായി വിതരണം ചെയ്ത 89,741 സൗജന്യ ഭക്ഷ്യകിറ്റുകൾ ഉൾപ്പെടെ ആകെ 11 കോടിയിലധികം സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് സർക്കാർ വിതരണം ചെയ്തത്. കൂടാതെ 2020-21 കാലയളവിൽ മത്സ്യതൊഴിലാളിക്കായി 2,45,143 ഭക്ഷ്യകിറ്റുകളും അതിഥി തൊഴിലാളികൾക്കായി 3,61,864 ഭക്ഷ്യകിറ്റുകളും, സംസ്ഥാനത്ത് ഉച്ച ഭക്ഷണപദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് നാല് ഘട്ടങ്ങളിലായി 1,10,40,767 ഭക്ഷ്യകിറ്റുകളും, ട്രാൻസ് ജെൻഡർ വിഭാഗത്തിലുള്ളവർക്ക് 7,00,000- രൂപയുടെ ഭക്ഷ്യ കിറ്റുകളും സമ്പർക്ക വിലക്കിലുള്ളവർക്ക് 21,800 ഭക്ഷ്യകിറ്റുകളും സമൂഹ അടുക്കളകൾക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിനായി 89.88 ലക്ഷം രൂപയുടെ ഭക്ഷ്യ വസ്തുക്കളും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു തരണം ചെയ്യാനും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ഉറപ്പുവരുത്താനും വില നിലവാരം പിടിച്ചുനിർത്താനുമായി നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | നിരന്തരം ഉയരുന്ന ഇന്ധന വില, അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ്, കൊറോണ രോഗവ്യാപനം തടയുന്നതിനായി രാജ്യവ്യാപകമായി ഇടയ്ക്കിടെ ഏർപ്പെടുത്തിയ ലോക്ഡൗണുകൾ മറ്റു നിയന്ത്രണങ്ങൾ എന്നിവ മൂലം ചില സന്ദർഭങ്ങളിൽ സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില വർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ കാര്യത്തിൽ കേരളം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. എന്നിരുന്നാലും, കോവിഡ് ലോക് ഡൗൺ കാലത്ത് സപ്ലൈകോയുടെ മുഴുവൻ വിൽപ്പനശാലകളും ഡിപ്പോ ഗോഡൗണുകളും അധിക സമയം പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സൗജന്യ കിറ്റുകൾ ഉൾപ്പെടെ ആവശ്യ സാധനങ്ങൾ ലഭ്യമാക്കി വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചു നിറുത്തുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി, സംസ്ഥാനത്തുടനീളമുള്ള റേഷൻകടകളിലൂടെ 10,99,20,553/- സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി വിതരണം ചെയ്ത 89,741 സൗജന്യ ഭക്ഷ്യകിറ്റുകൾ ഉൾപ്പെടെ ആകെ 11 കോടിയിലധികം സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് സർക്കാർ വിതരണം ചെയ്തത്. കൂടാതെ 2020-21 കാലയളവിൽ മത്സ്യതൊഴിലാളിക്കായി 2,45,143 ഭക്ഷ്യകിറ്റുകളും അതിഥി തൊഴിലാളികൾക്കായി 3,61,864 ഭക്ഷ്യകിറ്റുകളും, സംസ്ഥാനത്ത് ഉച്ച ഭക്ഷണപദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് നാല് ഘട്ടങ്ങളിലായി 1,10,40,767 ഭക്ഷ്യകിറ്റുകളും, ട്രാൻസ് ജെൻഡർ വിഭാഗത്തിലുള്ളവർക്ക് 7,00,000- രൂപയുടെ ഭക്ഷ്യ കിറ്റുകളും സമ്പർക്ക വിലക്കിലുള്ളവർക്ക് 21,800 ഭക്ഷ്യകിറ്റുകളും സമൂഹ അടുക്കളകൾക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിനായി 89.88 ലക്ഷം രൂപയുടെ ഭക്ഷ്യ വസ്തുക്കളും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അവശ്യം വേണ്ട നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റിതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവും വ്യക്തമാക്കുമോ; | (സി) | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഡി) | ഇവ നേരിടാൻ എന്തെല്ലാം കേന്ദ്രസഹായം അഭ്യർത്ഥിച്ചുവെന്നും ലഭ്യമായത് എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ഡി) | 2018 ലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് 89540 മെട്രിക് ടൺ അരി MSP നിരക്കിലും 12000 KL മണ്ണെണ്ണ നോൺ സബ്സിഡി നിരക്കിലും കേന്ദ്രത്തിൽ നിന്ന് അനുവദിച്ചിരുന്നു. 2020 ഏപ്രിൽ മുതലുള്ള കാലഘട്ടത്തിൽ കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഇതുവരെ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീം മുഖേന 1203644.357 മെട്രിക് ടൺ അരിയും 240661.784 മെട്രിക് ടൺ ഗോതമ്പും 29524.489 മെട്രിക് ടൺ പയർവർഗ്ഗവും സൗജന്യനിരക്കിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ അതിഥിതൊഴിലാളികൾക്കായി ആത്മനിർഭർ ഭാരത് സ്കീമിൽ 15480.012 മെട്രിക് ടൺ അരിയും 745.058 മെട്രിക് ടൺ പയർവർഗ്ഗവും ലഭിച്ചിരുന്നു. 2021 ഒക്ടോബർ മാസത്തിലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് 50000 മെട്രിക് ടൺ അരിയും സബ്സിഡി നിരക്കിൽ 12000 KL മണ്ണെണ്ണയും കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത് ലഭിക്കുകയുണ്ടായില്ല. പ്രളയബാധിതരുടെ എണ്ണത്തിനനുസരിച്ചുള്ള ഭക്ഷ്യധാന്യം MSP നിരക്കിലേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ